**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | **28.10.2019 ൽ** |
| നിയമസഭാ ചോദ്യം നമ്പർ : **190** | **മറുപടിയ്ക്ക്** |

# <u>പോലീസ് സേനയിൽ റോബോട്ട്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പൊലീസ് സേനയിൽ സാങ്കേതിക വിദ്യ നടപ്പാക്കുന്നതിന്റെ ഭാഗമായി, കേരള പൊലീസ് ആസ്ഥാനത്ത് എസ്.ഐ-യുടെ പദവി നൽകി സന്ദർശകരെ വരവേൽക്കാൻ കെ ബോട്ട് എന്ന പേരിൽ ഒരു റോബോട്ടിനെ സ്ഥാപിച്ചിരുന്നുവോ; പ്രസ്തുത റോബോട്ടിന്റെ പ്രവർത്തനോദ്ഘാടനം എന്നായിരുന്നു; | (എ) കേരള പോലീസ് ആസ്ഥാനത്ത് KP-BoT എന്ന് നാമകരണം ചെയ്ത് എസ്.ഐ പദവി നൽകി ഒരു റോബോട്ടിന്റെ സേവനം ലഭ്യമാക്കിയിരുന്നു. ആയതിന്റെ പ്രവർത്തനോദ്ഘാടനം 19.02.2019 -ൽ നിർവ്വഹിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത റോബോട്ട് സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവായി എന്നറിയിക്കാമോ; പ്രസ്തുത റോബോട്ട് ഇപ്പോൾ പ്രവർത്തനക്ഷമമാണോ; | (ബി) യും (സി) യും പ്രസ്തുത റോബോട്ടിന്റെ വിലയായി 8,50,000/- (എട്ട് ലക്ഷത്തി അൻപതിനായിരം) രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത റോബോട്ട് നിലവിൽ തികച്ചും പ്രവർത്തനക്ഷമമാണ്. സേവന രംഗത്ത് KP-BOT-ന്റെ സാധ്യതകൾ പരിഗണിച്ച് പോലിസ് സൈബർ ഡോമിലാണ് റോബോട്ടിനെ സജ്ജമാക്കിയിട്ടുള്ളത്. |
| (സി) പ്രസ്തുത റോബോട്ട് പ്രവർത്തനരഹിതമാകാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; റോബോട്ടിനെ പ്രവർത്തന ക്ഷമമാക്കുന്നതിനു എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ